# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്
## പത്തനംതിട്ട

| | |
|---|---|
| **സെപ്തംബർ 3**<br>**September 3** | **2018** |

***1193 ചിങ്ങം 18 തിങ്കൾ***

# പത്രക്കുറിപ്പ് -1

www.prd.kerala.gov.in, diopta1@gmail.com ഫോൺ0468-2222657

---

**പോലീസ് കംപ്ലയിന്റ് അതോറിറ്റി യോഗം 26ന്**

നാളെ (അഞ്ച്) നടത്താനിരുന്ന ജില്ലാ പോലീസ് കംപ്ലയിന്റ് അതോറിറ്റിയുടെ യോഗം ഈ മാസം 26ന് രാവിലെ 11ന് കളക്ടറേറ്റ് കോൺഫറൻസ് ഹാളിൽ ചേരും. നാളത്തെ സിറ്റിംഗിൽ ഹാജരാകാൻ നോട്ടീസ് ലഭിച്ചവർ 26ന് ഹാജരാകണകണമെന്ന് ജില്ലാ പോലീസ് കംപ്ലയിന്റ് അതോറിറ്റി സെക്രട്ടറി അറിയിച്ചു. (പിഎൻപി 2671/18)

**സൗജന്യ പരീക്ഷാ പരിശീലനം**

പി.എസ്.സി ഉൾപ്പെടെയുള്ള വിവിധ മത്സര പരീക്ഷകൾക്ക് ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിന്റെ ആഭിമുഖ്യത്തിൽ അടൂരിലും പത്തനംതിട്ടയിലും സൗജന്യ പരിശീലനം നൽകുന്നു. എസ്.എസ്.എൽ.സി പാസായ, 18നും 36നും മധ്യേ പ്രായമുള്ളവർക്ക് (നിയമാനുസൃത വയസിളവ് ലഭിക്കും) പങ്കെടുക്കാം. ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിലും റാന്നി, മല്ലപ്പള്ളി ടൗൺ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിലും പേര് രജിസ്റ്റർ ചെയ്തിട്ടുള്ളവർ ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിലും തിരുവല്ല, അടൂർ ടൗൺ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ രജിസ്റ്റർ ചെയ്തിട്ടുള്ളവർ അടൂർ ടൗൺ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിലും ഈ മാസം 15ന് മുമ്പ് നേരിട്ട് ഹാജരായി അപേക്ഷ നൽകണം.

(പിഎൻപി 2672/18)

**പ്രകൃതിക്ഷോഭം : പട്ടികജാതി കുടുംബങ്ങൾക്ക് ധനസഹായം**

പ്രകൃതിക്ഷോഭത്തിലകപ്പെട്ട് ദുരിതം അനുഭവിക്കുന്ന പട്ടികജാതി കുടുംബങ്ങൾക്ക്

അടിയന്തര ധനസഹായമായി 5000 അനുവദിച്ചു. കോന്നി ബ്ലോക്ക് പഞ്ചായത്തിന്റെ പരിധിയിലുള്ള അർഹരായവർ നിശ്ചിത മാതൃകയിലുള്ള അപേക്ഷ, റേഷൻ കാർഡ്, ആധാർ, തിരിച്ചറിയൽ കാർഡ്, ജാതി തെളിയിക്കുന്നതിന് ലഭ്യമായ രേഖ, ബാങ്ക് പാസ്ബുക്ക് എന്നിവയുടെ പകർപ്പുകൾ സഹിതം ഈ മാസം 10ന് മുമ്പ് കോന്നി പട്ടികജാതി വികസന ഓഫീസിൽ നൽകണം. അപേക്ഷാ ഫോറം കോന്നി പട്ടികജാതി വികസന ഓഫീസിൽ ലഭിക്കും.

(പിഎൻപി 2673/18)

## കുക്ക്, പാർട്ട്ടൈം സ്വീപ്പർ ഇന്റർവ്യൂ 12ന്

ഇൻഷുറൻസ് മെഡിക്കൽ സർവീസസ് വകുപ്പിൽ ദക്ഷിണമേഖലയ്ക്ക് കീഴിലുള്ള ഇ.എസ്.ഐ ആശുപത്രികളിലേക്കും ഡിസ്പെൻസറികളിലേക്കും കുക്ക് ഗ്രേഡ് രണ്ട്, പാർട്ട് ടൈം സ്വീപ്പർ തസ്തികകളിലേക്ക് ഈ മാസം 12ന് രാവിലെ 11ന് കൊല്ലം പോളയത്തോട് ഇൻഷുറൻസ് മെഡിക്കൽ സർവീസസ് ദക്ഷിണമേഖലാ റീജിയണൽ ഡെപ്യൂട്ടി ഡയറക്ടറുടെ കാര്യാലയത്തിൽ ഇന്റർവ്യൂ നടക്കും. എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖാന്തിരമുള്ള നിയമനത്തിനായി കഴിഞ്ഞ മാസം 13,14,16,17 തീയതികളിൽ നടത്തിയ ഇന്റർവ്യൂവിൽ പങ്കെടുക്കുന്നതിന് ഇന്റർവ്യൂ കാർഡ് കൈപ്പറ്റി, പ്രളയദുരിതം മൂലം ഇന്റർവ്യൂവിന് പങ്കെടുക്കാൻ സാധിക്കാത്തവർക്കായാണ് അഭിമുഖം. ഫോൺ: 0474 2742341.

(പിഎൻപി 2674/18)

## കംപ്യൂട്ടർ കോഴ്സുകൾക്ക് അപേക്ഷിക്കാം

അടൂർ എൽ.ബി.എസ് സബ്സെന്ററിൽ വിവിധ കംപ്യൂട്ടർ കോഴ്സുകളിലേക്ക് അപേക്ഷ ക്ഷണിച്ചു. ഡിഗ്രി പാസായവർക്ക് പിജിഡിസിഎ (ഒരു വർഷം), പ്ലസ്ടു/ഡിപ്ലോമ യോഗ്യതയുള്ളവർക്ക് ഡിസിഎ (എസ്) ( ആറ് മാസം), എസ്.എസ്.എൽ.സി പാസായവർക്ക് ഡിസിഎ (ഒരു വർഷം) കോഴ്സുകളിലേക്ക് അപേക്ഷിക്കാം. എസ്.സി/എസ്.റ്റി/ഒ.എ.സിക്കാർക്ക് ഫീസില്ല. ഫോൺ: 9947123177. (പിഎൻപി 2675/18)

## ശുചീകരണം അതിവേഗം മുന്നോട്ട്: 50 ടൺ മാലിന്യം നീക്കം ചെയ്തു

പത്തനംതിട്ട .ജില്ലയില പ്രളയബാധിത പ്രദേശങ്ങളിലെ ശുചീകരണ പ്രവർത്തനങ്ങൾ സർക്കാരിന്റെയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും നേതൃത്വത്തിൽ പുരോഗമിക്കുന്നു. ഇതിന്റെ ഭാഗമായി ശുചീകരണ പ്രവർത്തനങ്ങൾ കൂടുതൽ പഞ്ചായത്തുകളിലേക്ക് വ്യാപിപ്പിച്ചു.തിരുവല്ല റാന്നി, മേഖലകളിൽ നിന്നായി ഹരിത കേരള മിഷൻ, ശുചിത്വമിഷൻ എന്നിവരുടെ നേതൃത്വത്തിൽ 50 ടൺ അജൈവ മാലിന്യങ്ങൾ തദ്ദേശ സ്വയം ഭരണ വകുപ്പിന് കീഴിലുള്ള ക്ലീൻ കേരള കമ്പിനി നീക്കം ചെയ്തു. ശേഖരിച്ച മാലിന്യങ്ങൾ ജില്ലാ ഭരണകൂടം കണ്ടെത്തിയ തിരുവല്ല, കോഴഞ്ചേരി, പത്തനംതിട്ട, ആറന്മുള എന്നിവിടങ്ങളിലെ ഡംപിംഗ് യാർഡുകളിലെത്തിച്ച് തരം തിരിച്ച് പുന:ചംക്രമണത്തിന് വിധേയമാക്കുന്നതിനായി കൊണ്ടു പോകും. ഇതിനായി ക്രിസ് ഗ്ലോബലുമായി സഹകരിച്ചാണ് പദ്ധതി നടപ്പാക്കുന്നത്. ആദ്യ ഘട്ടമായി ജില്ലയിൽ പ്രളയ ബാധിതമായ 18 ഗ്രാമപഞ്ചായത്തുകളിൽ വിവിധ പ്രദേശങ്ങളിലെ മാലിന്യങ്ങൾ ഒന്നോ രണ്ടോ പോയന്റുകളിലേക്ക് എത്തിക്കുകയും അവിടെ നിന്ന് ക്ലീൻ കേരള കമ്പിനി ശേഖരിക്കുകയും ചെയ്യുന്നു.

പ്രളയത്തെ തുടർന്ന് ഉപയോഗശൂന്യമായ കിടക്കകൾ, വസ്ത്രങ്ങൾ, പ്ലാസ്റ്റിക്ക് കവറുകൾ, കപ്പികൾ തലയിണകൾ, മറ്റു വീട്ടുപകരണങ്ങൾ എന്നിവയാണ് മാലിന്യ ശേഖരണത്തിൽ ഏറ്റവും കൂടുതൽ കാണുന്നത്. കൂടാതെ പ്ലാസ്റ്റിക് കവറുകൾ, കുപ്പികൾ, ഇലക്ട്രോണിക് വസ്തുക്കൾ, റബർ വസ്തുക്കൾ, ഇരുമ്പ്, കാർഡ് ബോർഡുകൾ തുടങ്ങിയവയെല്ലാം തരംതിരിച്ച് ശേഖരിച്ചാണ് നീക്കം ചെയ്യുന്നത്. വലിയ തോതിലുള്ള മാലിന്യമാണ് പ്രളയ സ്ഥലങ്ങളിൽ ഉണ്ടായിരിക്കുന്നത്.

ശുചിത്വ മിഷൻ കോഡിനേറ്റർ രശ്മി, ഹരിത കേരള മിഷൻ ജില്ലാ കോഡിനേറ്റർ ആർ.രാജേഷ്, ക്ലീൻ കേരളാ കമ്പനി ജില്ലാ മാനേജർ ദിലീപ് കുമാർ എന്നിവർ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നു. (പിഎൻപി 2677/18)

## പ്രളയബാധിതർക്ക് സഹായഹസ്തം നീട്ടി കുമ്പനാട് അക്ഷയകേന്ദ്രം

പ്രളയത്തിലകപ്പെട്ടവർക്ക് ആശ്വാസവുമായി കുമ്പനാട്ടെ അക്ഷയകേന്ദ്രം. ക്യാമ്പുകളിൽ നിന്നും വീടുകളിലേക്ക് മടങ്ങുന്നവർക്ക് സഹായഹസ്തമൊരുക്കി വ്യത്യസ്തരാവുകയാണ് ഇവിടുത്തെ പ്രവർത്തകർ. അടുത്ത രണ്ടാഴ്ചത്തെ അക്ഷയ കേന്ദ്രത്തിലെ മുഴുവൻ വരുമാനവും ദുരന്തത്തിൽ കഷ്ടപ്പെടുന്ന ആളുകളെ സഹായിക്കാൻ വേണ്ടി ഉപയോഗിക്കാനാണ് തീരുമാനം. കോയിപ്രം, ഇരവിപേരൂർ പഞ്ചായത്തുകളിലെ പാഠപുസ്തകങ്ങളും ബാഗുകളും യൂണിഫോമും തുടങ്ങി കുട്ടികൾക്ക് വേണ്ട സഹായം നൽകാനാണ് ഈ തുക ഉപയോഗിക്കുകയെന്ന് അക്ഷയകേന്ദ്രത്തിന്റെ കോ-ഓർഡിനേറ്റർ സുബിൻ നീരുംപ്ലാക്കൽ പറഞ്ഞു. കൂടാതെ ദുരന്തത്തിൽ നാശനഷ്ടം നേരിടേണ്ടി വന്നവർക്ക് അപേക്ഷകളും മറ്റും സൗജന്യമായി തയ്യാറാക്കി നൽകാനുള്ള സജ്ജീകരണവും ഇവിടെ ഒരുക്കിയിട്ടുണ്ട്. പഞ്ചായത്തിലെ ആളുകളുടെ സഹകരണത്തോടെ ദുരന്തത്തിൽ പഠന ഉപകരണങ്ങളും മറ്റും നഷ്ടപ്പെട്ട കുട്ടികളുടെ ഉന്നമനത്തിനായി വേണ്ട ക്രമീകരണങ്ങൾ ആരംഭിച്ച് കഴിഞ്ഞതായും അധികൃതർ അറിയിച്ചു. (പിഎൻപി 2678/18)

## ജീവിതത്തിന്റെ ഹർഡിൽസുകൾ ചാടികടന്ന് അനന്തു

2024 ലെ ഒളിമ്പിക്സ് അതാണ് എന്റെ ലക്ഷ്യമെന്ന് അനന്തു വിജയൻ പറയുമ്പോൾ ആ ആത്മവിശ്വാസത്തിന് മുന്നിൽ ആർത്തലച്ച് വന്ന പ്രളയം പോലും തോറ്റു പിന്മാറും. പ്രളയം സർവതും കശക്കിയെറിഞ്ഞിട്ടും അതിലൊന്നും തളരാതെ അനന്തു തന്റെ സ്വപ്നങ്ങൾക്ക് പിന്നാലെ വീണ്ടും ഓടിത്തുടങ്ങി. പല തവണ കേരളത്തിന് വേണ്ടി ഹർഡിൽസിലും, 400 മീറ്റർ ഓട്ടത്തിലും സംസ്ഥാന തലത്തിലും ദേശീയ തലത്തിലും സ്വർണമെഡൽ ജേതാവാണ് പുല്ലാട് ഒള്ളൂച്ചിറ കോളനി നിവാസിയായ അനന്തു വിജയൻ. ജില്ലയിൽ ഏറ്റവും കൂടുതൽ പ്രളയം ബാധിച്ച പ്രദേശങ്ങളിലൊന്നാണ് അനന്തു താമസിക്കുന്ന പുല്ലാട് ഉള്ളൂച്ചിറ കോളനി.

അപ്രതീക്ഷിതമായി വീട്ടിലേക്ക് അടിച്ച് കയറിയ വെള്ളം കണ്ട് കാഴ്ചയില്ലാത്ത അച്ഛനേയും അമ്മയേയും കൂട്ടി ദുരിതാശ്വാസ ക്യാമ്പിലേക്ക് പോകുമ്പോഴും അനന്തു കരുതിയില്ല താൻ ജീവനായി കരുതിയ മെഡലുകളെല്ലാം നശിച്ച് പോകുമെന്ന്. ഒന്നാം ക്ലാസ് മുതൽ അനന്തുവിന് കമ്പം സ്പോർട്സിനോടായിരുന്നു. അന്ന് നേടിയ ട്രോഫി മുതൽ ദേശീയ തലത്തിലെ സ്വർണമെഡൽ വരെ അനന്തുവിന് ഒരു പോലെ പ്രിയപ്പെട്ടതാണ്. അതെല്ലാം ഒരു നിധി പോലെയാണ് കാത്ത് വച്ചതും. പക്ഷെ, പ്രളയത്തിൽ വീട് പൂർണമായും മുങ്ങി. കുന്നന്താനം എം.ടി.എൽ.പി സ്കൂളിലെ ക്യാമ്പിൽ നിന്ന് പതിനൊന്ന് ദിവസങ്ങൾക്ക് ശേഷം വീട്ടിലെത്തിയപ്പോഴാണ് നേട്ടങ്ങളെല്ലാം പ്രളയം കവർന്നത് അനന്തു അറിഞ്ഞത്. എന്നാൽ ജീവിതത്തിന്റെ ട്രാക്കിൽ തളർന്ന് പിന്മാറാൻ ഈ പതിനെട്ടുകാരൻ തയ്യാറല്ലായിരുന്നു. കാഴ്ചശക്തിയില്ലാത്ത അച്ഛനും അമ്മയ്ക്കും താങ്ങാകണമെന്ന ലക്ഷ്യം അനന്തുവിനെ തളരാതെ നിർത്തി. അടുത്ത ഓട്ടത്തിനായുള്ള വിസിൽ ശബ്ദത്തിനായി അവൻ കാത്തുനിന്നു. പഴയ ജീവിതത്തിലേക്ക് ഈ കോളനിനിവാസികളൊന്നും തിരിച്ചെത്തുന്നതിന് മുന്നേ അവൻ ട്രാക്കിൽ തിരിച്ചെത്തി. പ്രളയത്തിൽ മലിനമായ കിണർ വൃത്തിയാക്കുന്നതിനിടയിൽ പരുക്ക് പറ്റിയ കാലുമായി തിരുവനന്തപുരത്ത് നടന്ന ഇന്റർക്ലബ്ബ് മീറ്റിൽ 400 മീറ്റർ ഓട്ടത്തിൽ അവൻ ഓടിക്കയറിയത് രണ്ടാം സ്ഥാനത്ത്. ദുരിതങ്ങൾക്കിടയിലും മകന്റെ ഈ നേട്ടത്തെക്കുറിച്ച് പറയുമ്പോൾ അമ്മയ്ക്ക് നൂറ് നാവ്.

പല തവണ ട്രാക്കിലൂടെ ഓടുമ്പോഴും അനന്തു കണ്ട ഏറ്റവും വലിയ സ്വപ്നമായിരുന്നു സ്വ

ന്തമായൊരു സ്പൈക്ക്സ്. പക്ഷെ, അത് വാങ്ങാനുള്ള ചിലവ് അനന്തുവിന്റെ കുടുംബത്തിന് താങ്ങാവുന്നതിലും അപ്പുറമായിരുന്നു. അങ്ങനെയാണ് ആറന്മുള എം.എൽ.എ വീണാ ജോർജ്ജ് അനന്തുവിനൊരു ഷൂ വാങ്ങി നൽകിയത്.
" അന്ന് മുതൽ എന്റെ കുഞ്ഞ് കാത്ത് വച്ച ആ ഷൂ പോലും വെള്ളം കൊണ്ട് പോയി " എന്ന് പറഞ്ഞപ്പോൾ അമ്മ ജയശ്രീയുടെ കണ്ണുകൾ നിറഞ്ഞൊഴുകി. അച്ഛൻ വിജയൻ ആറു വർഷങ്ങൾക്ക് മുൻപ് രക്തസമ്മർദ്ദം കൂടി കാഴ്ച നഷ്ടപ്പെട്ട് ജോലിക്ക് പോകാൻ കഴിയുന്നില്ല. ജയശ്രീ തുണിക്കടയിൽ ജോലി ചെയ്ത് കിട്ടുന്ന തുച്ഛമായ തുകയാണ് കുടുംബത്തിന്റെ ഏക വരുമാനം. കണ്ണീർ ട്രാക്കിൽ അനന്തു ഓടിയും ചാടിയും നേടിയ നേട്ടങ്ങൾക്കൊക്കെ പത്തരമാറ്റിന്റെ തിളക്കമാണ്. ഇരവിപേരൂർ സെന്റ് ജോൺസ് സ്കൂളിലെ പ്ലസ് ടു വിദ്യാർത്ഥിയായ അനന്തു അനീഷ് തോമസ് എന്ന പരിശീലകന്റെ വീട്ടിൽ താമസിച്ചാണ് പരിശീലനം നടത്തുന്നത്. അനന്തുവിന്റെ കാലുകൾക്ക് ശക്തി പകരുന്നത് കൂട്ടുകാരുടേയും നാട്ടുകാരുടേയും സപ്പോർട്ടും അച്ഛന്റേയും അമ്മയുടേയും പ്രാർത്ഥനയുമാണ്. ഇനിയും മത്സരങ്ങൾ അനന്തുവിനെ കാത്തിരിക്കുന്നു , പക്ഷെ, അനന്തു കാത്തിരിക്കുന്നു ഇപ്പോഴും ഒരു ജോഡി ഷൂവിനായി.
(പിഎൻപി 2679/18)

## പുനരുജ്ജീവന പ്രവർത്തനങ്ങൾ കേരളാപൊലീസിന്റെ തൊപ്പിയിലെ പൊൻതൂവലെന്ന് വീണാജോർജ്ജ് എം.എൽ.എ

വെള്ളപ്പൊക്കപുനരുജ്ജീവനപ്രവർത്തനങ്ങളിൽ കേരളാപൊലീസ് നടത്തിയ സേവനം എന്നും അവരുടെ തൊപ്പിയിലെ പൊൻതൂവലായിരിക്കുമെന്ന് ആറന്മുള എം.എൽ.എ വീണാ ജോർജ്ജ്. പ്രളയം ബാധിച്ച കോയിപ്രം ഗവ.ഹയർ സെക്കൻഡറി സ്കൂളിന്റെ നവീകരണപ്രവർത്തനങ്ങളിൽ പങ്ക് വഹിച്ച കൊല്ലം സിറ്റി പൊലീസിനെ ആദരിക്കാൻ ചേർന്ന ചടങ്ങിൽ സംസാരിക്കുകയായിരുന്നു എം.എൽ.എ. പ്രളയസമയത്തും പുനരുജ്ജീവന സമയത്തും കേരള പൊലീസ് വഹിച്ച പങ്ക് വളരെ വലുതാണെന്നും സാഹസികമായ രീതിയിലാണ് ഇവർ പല പ്രവർത്തനങ്ങളും നടത്തിയതെന്നും എം.എൽ.എ പറഞ്ഞു. കൂടാതെ കോയിപ്രം സ്കൂളിലെ എഴുപത്തിമൂന്നോളം കുട്ടികളുടെ വീട്ടിൽ വെള്ളം കയറിയിരുന്നു. വാക്കുകൾക്ക് വിവരിക്കാൻ കഴിയാത്ത രീതിയിലുള്ള അനുഭവമാണ് നമുക്കുണ്ടായത്. അതിനെയെല്ലാം നാം അതിജീവിച്ചു. ഇനി ഒരു കാര്യത്തിലും നമ്മൾ തളർന്ന് പോകില്ലായെന്നും എം.എൽ.എ പറഞ്ഞു.
105 വർഷത്തെ പാരമ്പര്യമുള്ള വിദ്യാലയമാണ് കോയിപ്രം ഗവ.ഹയർസെക്കൻഡറി സ്കൂൾ. ഇത്രയും വർഷത്തിനിടയിൽ ഇവിടെ വെള്ളം കയറുന്നത് ആദ്യമായാണ്. പുസ്തകങ്ങൾ, ഫർണിച്ചർ, ലൈബ്രറി പുസ്തകങ്ങൾ, റെക്കോർഡ്സ്, , പ്രാക്റ്റിക്കൽ ലാബിലെ ഉപകരണങ്ങൾ, കംപ്യൂട്ടറുകൾ തുടങ്ങി അൻപത് ലക്ഷം രൂപയുടെ നഷ്ടമാണ് സ്കൂളിന് മുഴുവനായും സംഭവിച്ചത്. കൂടാതെ സ്കൂൾ ഓഫീസിലെ രേഖകൾ എല്ലാ നശിച്ചു. സ്കൂളിന്റെ എൽ.പി, യു.പി, ഹൈസ്ക്കൂൾ ഹയർസെക്കൻഡറി വിഭാഗം എന്നിവിടങ്ങളിലും ഓഡിറ്റോറിയം, ഓഫീസ് എന്നിവിടങ്ങളിലും വെള്ളം കയറിയിരുന്നു. കൊല്ലം സിറ്റ് പൊലീസ് ദിവസങ്ങൾ നീണ്ട പ്രവർത്തനങ്ങൾക്കൊടുവിലാണ് സ്കൂളും പരിസരവും ശുചിയാക്കിയത്. വിദ്യാലയ പുനരുജ്ജീവന പ്രവർത്തനങ്ങളിൽ പങ്കാളികളായ കൊല്ലം സിറ്റി പൊലീസ് കമ്മിഷണർ ഡോ.അരുൾ ആർ.ബി കൃഷ്ണയുടെ നേതൃത്വത്തിലുള്ള പൊലീസ് സേനാംഗങ്ങളെ വീണാ ജോർജ്ജ് എം.എൽ.എ ഉപഹാരം നൽകി ആദരിച്ചു. വിദ്യാലയ പുനരുജ്ജീവന പ്രവർത്തനങ്ങളിൽ പങ്കാളികളായ സന്നദ്ധസംഘടനകൾക്കും വിദ്യാർത്ഥികൾക്കും എം.എൽ.എ ഉപഹാരം നൽകി. എം.എൽ.എ ആസ്തി വികസന ഫണ്ടിൽ നിന്നും പത്ത് ലക്ഷം രൂപ വേഗത്തിൽ നൽകി സ്കൂളിലെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുമെന്ന് എംഎൽഎ പറഞ്ഞു.

ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് അന്നപൂർണ്ണാദേവി അധ്യക്ഷത വഹിച്ച അനുമോദന ചടങ്ങിൽ ജില്ലാ പൊലീസ് മേധാവി ടി.നാരായണൻ മുഖ്യപ്രഭാഷണം നടത്തി. കൊല്ലം എ.സി.പി സതീഷ്കുമാർ വിദ്യാർത്ഥികൾക്കുള്ള പഠനോപകരണങ്ങൾ വിതരണം ചെയ്തു. കോയിപ്രം ഗവൺമെന്റ് ഹയർസെക്കൻഡറി സ്കൂൾ പ്രിൻസിപ്പൽ കെ.കെ ശ്രീലത സ്കൂളിന്റെ ഭാവി വികസന പദ്ധതികളുടെ അവതരണം നടത്തി. സ്കൂൾ പ്രഥമാധ്യാപിക എൻ.ബി വത്സലാകുമാരി കോയിപ്രം ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് നിർമലാമാത്യൂസ്,പത്തനംതിട്ട ഡിവൈഎസ്പി എസ് റഫീഖ്, കൊല്ലം ജില്ലാ പൊലീസ് കോപ്പറേറ്റീവ് സൊസൈറ്റി പ്രസിഡന്റ് എസ്.ഷൈജു, കേരള പൊലീസ് ഓഫീസേഴ്സ് അസോസിയേഷൻ ജില്ലാ സെക്രട്ടറി എം.വി പ്രശാന്തൻ, കോയിപ്രം എസ്.ഐ ഗോപകുമാർ, ജില്ലാ വിദ്യാഭ്യാസ ഉപഡയറക്ടർ കെ.ഗോപി വാർഡ് മെമ്പർമാരായ ബിനി ഷാജി, പ്രസന്നകുമാർ, ബ്ലോക്ക് പ്രോഗ്രാം ഓഫീസർ ഷാജി എ. സലാം, പി.ടി.എ പ്രസിഡന്റ് പ്രീതാവിജയൻ, എസ്.എം.സി ചെയർമാൻ കെ.ടി ഗോപാലൻ, കെ.എസ്.ടി.എ ജില്ലാ സെക്രട്ടറി കെ.എൻ ശ്രീകുമാർ, സ്റ്റാഫ് സെക്രട്ടറി പി.ആർ ബിന്ദു എന്നിവർ സംസാരിച്ചു. (പിഎൻപി 2680/18)

## പുതിയ സംരംഭവുമായി ഭിന്നലിംഗക്കാർ രംഗത്ത്

ജില്ലയിലെ ഭിന്നലിംഗവിഭാഗക്കാർ പുതിയ സംരംഭവുമായി രംഗത്ത്. ലീഗൽ സർവീസ് അതോറിറ്റിയുടേയും കുടുംബശ്രീയുടേയും നേതൃത്വത്തിൽ കണ്ടെത്തിയ ജില്ലയിലെ 103 ഭിന്നലിംക്കാരിൽ നിന്ന് എട്ട് പേരെ ഉൾപ്പെടുത്തിയാണ് പുതിയ സംരംഭം ആരംഭിക്കുന്നത്. നാല് പേരുള്ള രണ്ട് ഗ്രൂപ്പുകളായി ഒരു യൂണിറ്റ് നൃത്തവിദ്യാലയം നടത്താനും മറ്റൊരു യൂണിറ്റ് വിവിധ കലാപരിപാടികൾക്കുള്ള ഉപകരണങ്ങളും ചമയങ്ങളും വാടകയ്ക്ക് നൽകുന്നതിനുമുള്ള യൂണിറ്റും ആരംഭിക്കാനാണ് തീരുമാനം. ചമയങ്ങൾ വാടകയ്ക്ക് നൽകുന്ന യൂണിറ്റ് പന്തളം കേന്ദ്രമാക്കിയും കൊടുമൺ കേന്ദ്രമാക്കി നൃത്തവിദ്യാലയവും ആരംഭിക്കാനുമാണ് തീരുമാനം. യൂണിറ്റ് ആരംഭിക്കുന്നതിനായി കുടുംബശ്രീ ഓരോ യൂണിറ്റിനും രണ്ട് ലക്ഷം രൂപയും നൽകും. (പിഎൻപി 2681/18)

## ജില്ലയിൽ 44,970 ടേക്ക് ഹോം കിറ്റ് വിതരണം ചെയ്തു

ജില്ലയിൽ ഇതുവരെ പ്രളയബാധിതരായവർക്ക് സർക്കാർ നൽകുന്ന 22 അവശ്യസാധനങ്ങൾ അടങ്ങിയ 44970 ടേക്ക് ഹോം കിറ്റുകൾ വിതരണം ചെയ്തതായി ജില്ലാ കളക്ടർ പി.ബി. നൂഹ് അറിയിച്ചു. ദുരിതാശ്വാസ ക്യാമ്പുകളിൽ കഴിഞ്ഞവർക്കും വീടുകളിലും മറ്റ് സ്ഥലങ്ങളിലും ക്യാമ്പായി കഴിഞ്ഞവർക്കും കിറ്റ് നൽകുന്നുണ്ട്. വില്ലേജ് ഓഫീസർമാരുടെ നേതൃത്വത്തിലാണ് കിറ്റുകൾ വിതരണം ചെയ്യുന്നത്. ക്യാമ്പുകളിൽ കഴിഞ്ഞ 35539 പേർക്ക് കിറ്റുകൾ നൽകി കഴിഞ്ഞു. വീടുകളും മറ്റു സ്ഥലങ്ങളും ക്യാമ്പായി കഴിഞ്ഞവർക്കാണ് ഇപ്പോൾ കിറ്റുകൾ നൽകുന്നത്. ദുരിതബാധിതരായവർക്ക് സർക്കാർ പ്രഖ്യാപിച്ച 10000 രൂപ ധനസഹായം 11,728 പേരുടെ അക്കൗണ്ടുകളിലേക്കു നൽകുന്നതിന് ട്രഷറികളിൽ ബിൽ നൽകി. തിരുവല്ല താലൂക്കിൽ 3481 ഉം കോഴഞ്ചേരി താലൂക്കിൽ 2273 ഉം മല്ലപ്പള്ളിയിൽ 753ഉം റാന്നിയിൽ 1553ഉം കോന്നിയിൽ 1544ഉം അടൂരിൽ 2124ഉം പേരുടെ ബില്ലാണ് ട്രഷറിയിൽ നൽകിയിട്ടുള്ളത്. (പിഎൻപി 2682/18)

## പൈതൃകരേഖകൾക്ക് ഒരു സുരക്ഷാകരവലയം: ആർക്കൈവ്സ് വകുപ്പ് സജീവപ്രവർത്തനവുമായി രംഗത്ത്

പ്രളയക്കെടുതിയിൽ നാശം സംഭവിച്ച രേഖകൾ പൂർവ്വ സ്ഥിതിയിലാക്കുന്നതിന് ആർക്കൈവ്സ് വകുപ്പിന്റെ നേതൃത്വത്തിലുള്ള മൊബൈൽ ക്ലിനിക്ക് സംഘം പര്യടനത്തിന് തുടക്കമിട്ടു. പൈതൃക രേഖകൾക്ക് ഒരു സുരക്ഷ കരവലയം എന്ന പേരിൽ ആരംഭിച്ച മൊബൈൽ ക്ലിനി

ക്ക് എറണാകുളം ജില്ലയിലെ രേഖകൾ ശേഖരിച്ചിട്ടുണ്ട്. പത്തനംതിട്ട ജില്ലയിലെ രജിസ്ട്രാർ ഓഫീസിലും വെള്ളം കയറി നശിച്ച പതിനാല് ബാങ്കുകളിലും ഇതിനകം സേവനം ലഭ്യമാക്കി കഴിഞ്ഞു. പ്രളയത്തിൽ നാശം സംഭവിച്ച ജില്ലയിലെ വിവിധ ഓഫീസുകളിലെ രേഖകൾ പരിശോധിക്കുന്നതിനും പെരുനാട് സബ് രജിസ്ട്രർ ഓഫീസ്, പരിസരത്തുള്ള വീടുകളിൽ എന്നിവിടങ്ങളിലെ ശുചീകരണ പ്രവർത്തനങ്ങൾക്കായി ആർക്കൈവ്സ് ഡയറക്ടർ പി.ബിജുവിന്റെ നേതൃത്വത്തിലുള്ള പതിനഞ്ച് അംഗങ്ങളടങ്ങുന്ന സംഘമാണ് എത്തുന്നത്.

(പിഎൻപി 2683/18)

## ടിക്കറ്റില്ല, പകരം ബക്കറ്റ് ; കാരുണ്യയാത്രയൊരുക്കി പ്രൈവറ്റ് ബസ്

ബസിൽ കയറിയ യാത്രക്കാർക്ക് മുന്നിലേക്ക് ടിക്കറ്റിന് പകരം നീട്ടിയ ബക്കറ്റിലേക്ക് വീണത് കാരുണ്യത്തിന്റെ നോട്ടുകൾ. പ്രളയത്തിൽ ദുരിതമനുഭവിക്കുന്നവർക്കായാണ് കഴിഞ്ഞ ദിവസം ജില്ലയിലങ്ങോളമിങ്ങോളം പ്രൈവറ്റ് ബസുകൾ സർവീസ് നടത്തിയത്. ടിക്കറ്റെടുക്കാതെ യാത്രക്കാരും, ടിക്കറ്റ് കൊടുക്കാതെ കണ്ടക്ടർമാരും രചിച്ചത് പുതുചരിത്രം. ബാക്കി പൈസക്കും ചില്ലറയ്ക്കും വേണ്ടിയുള്ള ബഹളങ്ങളും വഴക്കുകളുമില്ലാതെ ഒരേ മനസോടെ യാത്ര ചെയ്തത് പുതിയ അനുഭവമാണെന്ന് ബസ് ജീവനക്കാർ പറയുന്നു. ലാഭമോ നഷ്ടമോ അല്ല ദുരിതബാധിതർക്ക് ഒരു ചെറിയ സഹായം നമുക്ക് ചെയ്യാൻ കഴിയുന്നതാണ് വലിയ കാര്യമെന്നും അവർ പറയുന്നു.

ജില്ല ഇന്നുവരെ കണ്ടിട്ടില്ലാത്ത തരത്തിലുണ്ടായ വെള്ളപ്പൊക്കത്തിന്റെ കെടുതികൾ അവസാനിച്ചിട്ടില്ല. പലയിടങ്ങളിലും ശുചീകരണ പ്രവർത്തനങ്ങൾ അവസാനഘട്ടത്തിലാണ്. ഈ അവസരത്തിലാണ് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് കാരുണ്യയാത്ര എന്ന പേരിൽ ഒരു ദിവസത്തെ വരുമാനം സംഭാവന ചെയ്ത് പ്രൈവറ്റ് ബസ് അസോസിയേഷൻ ചരിത്രത്തിന്റെ ഭാഗമാകുന്നത്. യാത്രക്കാർ ഇഷ്ടമുള്ള തുകയാണ് ബസ് ജീവനക്കാർ നീട്ടിയ ബക്കറ്റിൽ നിക്ഷേപിച്ചത്. വിദ്യാർത്ഥികളും കൺസഷന് വേണ്ടി വാശി പിടിക്കാതെ തങ്ങളാൽ കഴിയുന്ന തുക തന്ന് സഹകരിച്ചുവെന്ന് ബസ് ജീവനക്കാർ പറയുന്നു. മാത്രമല്ല, സ്വകാര്യ വാഹനങ്ങളിൽ യാത്ര ചെയ്യുന്നവർ അത് ഒഴിവാക്കിയും ബസുകളിൽ യാത്ര ചെയ്ത് കാരുണ്യ യാത്രയിൽ പങ്കാളികളായെന്ന് പ്രൈവറ്റ് ബസ് ഓപ്പറേറ്റേഴ്സ് അസോസിയേഷന്റെ സെൻട്രൽ കമ്മറ്റി അംഗവും പാഴൂർ ബസ് ഉടമയുമായ ലാലു മാത്യു പറഞ്ഞു. മാത്രമല്ല, നാട്ടുകാരുടെ ഭാഗത്ത് നിന്നും നല്ല സഹകരണമുണ്ടായെന്നും അദ്ദേഹം പറഞ്ഞു.

ജില്ലയിൽ ഏകദേശം ഇരുന്നൂറ്റി അറുപതോളം ബസുകളാണുള്ളത്. ഇന്ന് പതിവിലും യാത്രക്കാർ ഏറെയുണ്ടായിരുന്നു. ഏവരും കാരുണ്യത്തിന്റെ കൈത്താങ്ങുമായി എത്തിയവരാണ്. നഷ്ടങ്ങളും പരിമിതികളും ഏറെയുണ്ടായിട്ടും ഇങ്ങനെയൊരു ധനസമാഹരണ മാർഗം പ്രൈവറ്റ് ബസ് ഓപ്പറേറ്റേഴ്സ് അസോസിയേഷൻ കൂട്ടായ തീരുമാനത്തിലൂടെ എടുക്കുകയായിരുന്നു.  വെളുപ്പിനെ നാലരയ്ക്ക് ആരംഭിച്ച സർവീസ് രാത്രി ഏറെ വൈകിയും തുടർന്നിരുന്നു. കാരുണ്യ യാത്രയുടെ ഫ്ളാഗ് ഓഫ് നഗരസഭ ബസ് സ്റ്റാൻഡിൽ വീണാജോർജ് എം.എൽ.എ നിർവഹിച്ചു. അസോസിയേഷൻ ജില്ലാ പ്രസിഡന്റ് സി.മനോജ്കുമാർ അധ്യക്ഷത വഹിച്ചു. ബസിന്റെ വരുമാനം കൂടാതെ ജീവനക്കാരുടെ ഒരു ദിവസത്തെ ശമ്പളത്തിന്റെ കുറച്ച് ഭാഗവും ബസുടമകളും അവരുടെ ലാഭത്തിന്റെ കുറച്ച് ഭാഗവും ഇതിലേക്ക് നിക്ഷേപിക്കും.  കൂടാതെ വെള്ളപ്പൊക്കകെടുതികൾ തുടങ്ങിയ സമയം മുതൽ ദുരിതാശ്വാസ ക്യാമ്പുകളിൽ ഭക്ഷണം എത്തിക്കുന്നതിനും, രക്ഷാപ്രവർത്തനങ്ങൾക്കുമൊക്കെ ജില്ലയിലെ മിക്ക പ്രൈവറ്റ് ബസുകളും രംഗത്തുണ്ടായിരുന്നു. (പിഎൻപി 2684/18)

## പ്രളയബാധിതരുടെ പുനരധിവാസം സമഗ്ര കാഴ്ച്ചപ്പാടോടെ നടപ്പിലാക്കും: മന്ത്രി എ.കെ. ബാലൻ

പ്രളയബാധിത പ്രദേശങ്ങളിലെ ആളുകളുടെ പുനരധിവാസം സമഗ്രമായ കാഴ്ച്ചപ്പാടോടെ

സർക്കാർ സമയബന്ധിതമായി നടപ്പിലാക്കുമെന്ന് പട്ടികജാതി-പട്ടികവർഗ ക്ഷേമ-നിയമ മന്ത്രി എ.കെ.ബാലൻ. ആറന്മുള പഞ്ചായത്തിലെ എഴിക്കാട് കോളനിയിലെ പ്രളയബാധിത പ്രദേശങ്ങൾ സന്ദർശിച്ച ശേഷം സംസാരിക്കുകയായിരുന്നു മന്ത്രി. സ്ഥിരതാമസം ഉറപ്പാക്കുന്നത് വരെ പഞ്ചായത്തിലെ താൽക്കാലിക പുനരധിവാസ കേന്ദ്രങ്ങളിൽ താമസിക്കാം. പുനരധിവാസത്തിന് ആവശ്യമായ ഫണ്ട് പരമാവധി ശേഖരിക്കുന്നതിനായി സർക്കാർ ശ്രമങ്ങൾ ആരംഭിച്ചു കഴിഞ്ഞെന്നും മന്ത്രി പറഞ്ഞു. വീടുകളിലെയും മറ്റും ശുചീകരണ പ്രക്രിയ തൊഴിലുറപ്പ് പദ്ധതിയുടെ ഭാഗമാക്കി ചെയ്യണമെന്നും അദ്ദേഹം പറഞ്ഞു. താൽക്കാലിക കേന്ദ്രങ്ങളിൽ താമസിക്കുന്നവർക്ക് ആവശ്യമായ ഭക്ഷണവും മരുന്നും ലഭ്യമാക്കും. പകർച്ചവ്യാധി പ്രതിരോധ ഗുളികകൾ എല്ലാവരും കഴിക്കണമെന്നും അദ്ദേഹം ഓർമ്മിപ്പിച്ചു. എഴിക്കാട് കോളനിയിൽ നടപ്പിലാക്കാനിരുന്ന അംബേദ്കർ ഗ്രാമം പദ്ധതിയിൽ പ്രളയ പശ്ചാത്തലത്തിൽ ആവശ്യമായ ഭേദഗതി വരുത്തുന്നതിൽ തടസമില്ലെന്നും മന്ത്രി അറിയിച്ചു.

എഴിക്കാട് കമ്യൂണിറ്റി ഹാളിലെ പുനരധിവാസ ക്യാമ്പ് മന്ത്രി സന്ദർശിച്ചു. ആറന്മുള എംഎൽഎ വീണാ ജോർജ്ജ്, ആറന്മുള ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ഐഷ പുരുഷോത്തമൻ, പന്തളം ബ്ലോക്ക് പഞ്ചായത്ത് വൈസ് പ്രസിഡന്റ് പി.ബി. സതീഷ് കുമാർ, മുൻ എംഎൽഎ കെ.സി.രാജഗോപാലൻ, ഭൂരേഖ തഹസീൽദാർ കെ.സതിയമ്മ, ഡെപ്യൂട്ടി തഹസിൽദാർ സി.ഗംഗാധരൻ തമ്പി, പഞ്ചായത്തംഗങ്ങൾ, കിടങ്ങന്നൂർ വില്ലേജ് ഓഫീസർ എ.സീന, അജയകുമാർ തുടങ്ങിയവർ മന്ത്രിയെ അനുഗമിച്ചു.

(പിഎൻപി 2685/18)

## പമ്പയിൽ വൈദ്യുതിയും കുടിവെള്ളവും 12ന് മുമ്പ് സജ്ജമാക്കാൻ ജില്ലാ കളക്ടറുടെ നിർദേശം

മാസപൂജയ്ക്കായി ശബരിമല നട ഈ മാസം 16ന് തുറക്കുന്ന സാഹചര്യത്തിൽ പമ്പയിലെ താറുമാറായ വൈദ്യുതി സംവിധാനങ്ങളും കുടിവെള്ള വിതരണത്തിനുള്ള സംവിധാനങ്ങളും താത്ക്കാലികമായി 12ന് മുമ്പ് സജ്ജീകരിക്കാൻ ജില്ലാ കളക്ടർ പി.ബി.നൂഹ് കെഎസ്ഇബി, വാട്ടർ അതോറിറ്റി അധികൃതർക്ക് നിർദേശം നൽകി. പമ്പ മരാമത്ത് കോംപ്ലക്സിൽ ചേർന്ന വിവിധ വകുപ്പ് ഉദ്യോഗസ്ഥരുടെ യോഗത്തിലാണ് കളക്ടർ നിർദേശം നൽകിയത്. ഒരു ലക്ഷത്തിലധികം ആളുകൾ മാസപൂജയ്ക്ക് വരാറുണ്ട്. മാസപൂജ സമയത്ത് എത്തുന്നവർക്ക് ശബരിമലയിലേക്ക് കടന്നുപോകുന്നതിനുള്ള താത്ക്കാലിക സംവിധാനം ദേവസ്വം ബോർഡ് പൂർത്തിയാക്കിയിട്ടുണ്ട്. പമ്പ മണൽപ്പുറത്തെ വൈദ്യുതി തൂണുകളും തെരുവുവിളക്കുകളും ഉൾപ്പെടെ എല്ലാം പ്രളയത്തിൽ തകർന്നുപോയിട്ടുള്ളതിനാൽ താത്ക്കാലികമായി വെളിച്ചം നൽകുന്നതിനുള്ള സംവിധാനങ്ങൾ സജ്ജീകരിക്കേണ്ടിവരും. വൻതോതിൽ മണൽ അടിഞ്ഞിട്ടുള്ള സാഹചര്യത്തിൽ ഇത് നീക്കം ചെയ്തുവേണം പോസ്റ്റുകൾ സ്ഥാപിക്കാൻ. പമ്പയിലെ 150ഓളം വൈദ്യുതി പോസ്റ്റുകളാണ് തകരാറിലായത്. ഇവ പുനസ്ഥാപിക്കുന്നതിനുള്ള വൈദ്യുതി പോസ്റ്റുകൾ പമ്പയിൽ എത്തിച്ചിട്ടുണ്ട്. ട്രാക്ടർ കടന്നുപോകുന്നതിനുള്ള സംവിധാനം ആകുന്നതോടെ സന്നിധാനത്തേക്കുള്ള വൈദ്യുതി തൂണുകളും എത്തിച്ച് ഇവിടുത്തെ തകരാറും പരിഹരിക്കും. സന്നിധാനത്തെ വൈദ്യുതി ബന്ധം 12ഓടെ പൂർണമായും പുനസ്ഥാപിക്കാൻ കഴിയുമെന്ന് വൈദ്യുതി വകുപ്പ് അധികൃതർ കളക്ടറെ അറിയിച്ചു. ഇതിനായി നാല് ടീമുകളെ നിയോഗിച്ചിട്ടുണ്ട്. പമ്പ മണൽപ്പുറത്തെ തെരുവുവിളക്കുകൾ പൂർണമായും നശിച്ചുപോയതിനാൽ ഇവ ഉടനെ പുനസ്ഥാപിക്കാൻ കഴിയില്ല. ഏഴ് കിലോമീറ്റർ ലോ ടെൻഷൻ ലൈനുകളും ആറ് കി.മീറ്റർ ഹൈടെൻഷൻ ലൈനുകളുമാണ് തകരാറിലായിട്ടുള്ളത്. വൈദ്യുതി ബന്ധം പുനസ്ഥാപിക്കുന്നതിനുള്ള എല്ലാ സാധന സാമഗ്രികളും കെ.എസ്.ഇ.ബി പമ്പയിൽ എത്തിച്ചിട്ടുണ്ട്.

വാട്ടർ അതോറിറ്റിയുടെ പമ്പ് ഹൗസ് ഇപ്പോഴും പ്രവർത്തനരഹിതമാണ്. വെള്ളക്കെട്ട് മൂലം ഇവിടേക്ക് എത്താൻ കഴിയുമായിരുന്നില്ല. നാളെയോടെ (അഞ്ച്) വൈദ്യുതി പുനസ്ഥാപിച്ച് എട്ടിന് മുമ്പ് പമ്പ് ഹൗസ് പ്രവർത്തനക്ഷമമാക്കുന്നതിനുള്ള ശ്രമങ്ങളാണ് നടന്നുവരുന്നത്. പമ്പ് ഹൗസ് പ്രവർത്തനക്ഷമമാക്കാൻ കഴിയാത്ത പക്ഷം കുടിവെള്ളവിതരണത്തിന് ബദൽ സംവിധാനം ഏർപ്പെടുത്തണമെന്ന് വാട്ടർ അതോറിറ്റിക്കും കളക്ടർ നിർദേശം നൽകി.

പ്ലാപ്പള്ളി മുതൽ പമ്പ വരെയുള്ള 11 സ്ഥലങ്ങളിൽ പിഡബ്ല്യുഡി റോഡുകൾക്ക് നാശനഷ്ടം ഉണ്ടായിട്ടുണ്ട്. ഇതിൽ മൂന്ന് സ്ഥലങ്ങളിൽ റോഡ് പകുതിയിലധികം തകർന്നിട്ടുണ്ട്. എട്ട് സ്ഥലങ്ങളിൽ ചെറിയ നാശനഷ്ടം ഉണ്ടായിട്ടുണ്ട്. റോഡിന് വലിയ തകർച്ച നേരിട്ട മൂന്ന് സ്ഥലങ്ങളിലെ പുനരുദ്ധാരണ പണികൾ ആരംഭിച്ചു. മറ്റ് സ്ഥലങ്ങളിലെ പുനരുദ്ധാരണം ഉടൻ ആരംഭിക്കും. 15ന് മുമ്പ് ഇരുവശത്തേക്കും കടന്നുപോകത്തക്കരീതിയിൽ നിർമാണം പൂർത്തീകരിക്കുന്നതിനുള്ള ശ്രമങ്ങളാണ് നടക്കുന്നത്. മാസപൂജയ്ക്ക് മുമ്പ് പ്രവൃത്തികൾ പൂർത്തിയാക്കാൻ ജില്ലാ കളക്ടർ നിർദേശം നൽകി.

പമ്പയിലെ ആശുപത്രിയുടെ ഒന്നാം നിലയുടെ പകുതിയോളം ചെളിയടിഞ്ഞ് പ്രവർത്തനക്ഷമമല്ലാതായ സാഹചര്യത്തിൽ രണ്ടാം നിലയിൽ ആശുപത്രി സംവിധാനം താത്ക്കാലികമായി പ്രവർത്തിപ്പിക്കുന്നതിന് ജില്ലാ കളക്ടർ നിർദേശം നൽകി.

പമ്പയിലെ ടോയ്‌ലറ്റുകൾ എല്ലാം തന്നെ നശിച്ചുപോയതിനാൽ തീർഥാടകർക്ക് പ്രാഥമികാവശ്യങ്ങൾക്ക് താത്ക്കാലിക സൗകര്യങ്ങൾ ഒരുക്കുന്നതിനുള്ള നടപടികളും ആരംഭിക്കാൻ നിർദേശം നൽകി.

യോഗത്തിൽ റാന്നി തഹസീൽദാർ കെ.വി.രാധാകൃഷ്ണൻ നായർ, വൈദ്യുതി, പൊതുമരാമത്ത്, വാട്ടർ അതോറിറ്റി, പോലീസ് തുടങ്ങിയ വിവിധ വകുപ്പുകളിലെ ഉദ്യോഗസ്ഥർ പങ്കെടുത്തു. (പിഎൻപി 2683/18)

**പമ്പ മണൽപ്പുറത്ത് ഇനി സ്ഥിരം നിർമാണ പ്രവർത്തനങ്ങൾ ഉണ്ടാകില്ല**

## അയ്യപ്പഭക്തർക്ക് പമ്പയിൽ താത്ക്കാലിക സൗകര്യങ്ങൾ ഒരുക്കും – ദേവസ്വം ബോർഡ് പ്രസിഡന്റ്

മഹാപ്രളയത്തിൽ പമ്പ മണൽപ്പുറത്തെയും അനുബന്ധ പ്രദേശങ്ങളിലെയും കെട്ടിടങ്ങൾ തകർന്നടിഞ്ഞതിൽ നിന്ന് പാഠം ഉൾക്കൊണ്ട് മണൽപ്പുറത്ത് ഇനി സ്ഥിരം നിർമാണ പ്രവർത്തനങ്ങൾ ഉണ്ടാകില്ലെന്ന് ദേവസ്വം ബോർഡ് പ്രസിഡന്റ് എ.പത്മകുമാർ പറഞ്ഞു. പമ്പയിൽ നിന്ന് സന്നിധാനത്തേക്ക് തീർഥാടകരെ കടത്തിവിടുന്നതിന് താത്ക്കാലികമായി ഒരുക്കുന്ന സംവിധാനങ്ങളുടെ പുരോഗതി വിലയിരുത്തിയ ശേഷം പമ്പയിൽ സംസാരിക്കുകയായിരുന്നു പ്രസിഡന്റ്. തിരുവിതാംകൂർ ദേവസ്വംബോർഡ് പ്രളയാനന്തര ദിനങ്ങളിൽ ഭാരിച്ച ഉത്തരവാദിത്തമാണ് ഏറ്റെടുത്തത്. പമ്പയിലെ രണ്ട് പാലങ്ങളുടെ മുകളിൽ അടിഞ്ഞുകൂടിയിരുന്ന മണ്ണ് മാറ്റി പാലങ്ങൾ ഉപയോഗയോഗ്യമാക്കി. നദി ഗതിമാറി ഒഴുകിയതിനാൽ പമ്പ ഗണപതിക്ഷേത്രത്തിലേക്ക് എത്തുന്നതിന് ശ്രീരാമസേതുവിന്റെ മാതൃകയിൽ അയ്യപ്പസേതു പമ്പയിൽ നിർമിച്ചു. ദേവസ്വം ബോർഡിന്റെ മുന്നൂറോളം തൊഴിലാളികളും ഉദ്യോഗസ്ഥരും ഉൾപ്പെടെ നാനൂറോളം പേരുടെ അശ്രാന്തപരിശ്രമത്തിലൂടെയാണ് സന്നിധാനത്തേക്ക് കടന്നുപോകുന്നതിന് അയ്യപ്പസേതുവിലൂടെ താത്ക്കാലിക സംവിധാനം ഒരുക്കാനായത്. അടുത്ത മാസപൂജയ്ക്ക് തീർഥാടകരെ കടത്തി വിടുന്നതിനുള്ള പ്രവർത്തനങ്ങളാണ് യുദ്ധകാലാടിസ്ഥാനത്തിൽ നടത്തിവരുന്നത്. സർക്കാരിന്റെ വിവിധ വകുപ്പുകൾ നടത്തുന്ന പ്രവർത്തനങ്ങൾക്കൊപ്പം ദേവസ്വം ബോർഡും ഇക്കാര്യത്തിൽ കാര്യക്ഷമമായ നടപടികളുമായി മുന്നോട്ടു പോവുകയാണെന്നും പ്രസിഡന്റ് പറഞ്ഞു.

അനാവശ്യമായ നിർമാണ പ്രവർത്തനങ്ങൾ ഇനി പമ്പാ മണൽപ്പുറത്ത് വേണ്ടെന്ന താണ് ദേവസ്വംബോർഡിന്റെ നിലപാട്. നദികളുടെ സ്വാഭാവിക ഒഴുക്കിനെ തടസപ്പെടു ത്തുന്ന നിർമാണ പ്രവർത്തനങ്ങളിൽ നദിതന്നെ ഇല്ലാതാക്കുമെന്ന പാഠമാണ് ഈ പ്രളയം നമുക്ക് നൽകിയത്. ഇതിൽ നിന്ന് പാഠം ഉൾക്കൊണ്ട് പമ്പാ നദിയെയും നദിക്കരയെയും സ്വാഭാവിക നീരൊഴുക്കിന് വിട്ടുകൊടുക്കും. പരിസ്ഥിതി സൗഹൃദമായ നിർമാണ പ്രവർത്തനങ്ങളിലേക്ക് ദേവസ്വം ബോർഡ് പൂർണമായും മാറും. സങ്കുചിതമായ പരിസ്ഥിതി വാദമോ പരിസ്ഥിതിയെ പൂർണമായും തകർക്കുന്ന സമീപനമോ സ്വീകരിക്കാതെ പ്രായോ ഗികമായ സമീപനം സ്വീകരിച്ചുകൊണ്ടായിരിക്കും ദേവസ്വംബോർഡ് പ്രവർത്തിക്കുക. പമ്പ യിലും പരിസരങ്ങളിലും തീർഥാടകർക്ക് സൗകര്യങ്ങൾ ഒരുക്കുന്നതിന് താത്ക്കാലിക നിർമി തികളായിരിക്കും ഇനി പരിഗണിക്കുക. വാഹനങ്ങൾ പ്രധാന ഇടത്താവളങ്ങളായ എരുമേലി, നിലയ്ക്കൽ, വണ്ടിപ്പെരിയാർ എന്നിവ ബേസ് ക്യാമ്പുകളിലായി കണ്ട് ശബരിമല തീർഥാടനം സുഗമമാക്കുക എന്നതാണ് ബോർഡിന്റെ ലക്ഷ്യം. നിലയ്ക്കൽ വരെ വാഹനങ്ങൾ കടത്തി വിട്ട് നിലയ്ക്കലിൽ നിന്ന് പമ്പ വരെയുള്ള 23 കി.മീ യാത്ര കെഎസ്ആർടിസി ചെയിൻ സർവീസ് മുഖേനയോ മറ്റ് ഏജൻസികൾ വഴിയോ ക്രമീകരിക്കുന്നതിനായിരിക്കും മുൻഗ ണന നൽകുകയെന്നും പ്രസിഡന്റ് പറഞ്ഞു.

(പിഎൻപി 2684/18)

**ഫോട്ടോ അടിക്കുറിപ്പ്**

1) മന്ത്രി എ.കെ.ബാലൻ എഴിക്കാട് കോളനിയിൽ സന്ദർശനം നടത്തുന്നു.
2) പ്രളയബാധിത പ്രദേശങ്ങളിലെ അജൈവ മാലിന്യങ്ങൾ ഡംപിംഗ് യാർഡുകളിലേക്ക് മാറ്റുന്നു.
3) പ്രളയദുരിതബാധിതരെ സഹായിക്കുന്നതിന് സ്വകാര്യ ബസുകൾ നടത്തുന്ന കാരുണ്യ യാത്ര വീണാജോർജ് എംഎൽഎ ഫ്ളാഗ് ഓഫ് ചെയ്യുന്നു.
4) ജില്ലാ കളക്ടർ പി.ബി.നൂഹ് പമ്പയിൽ സന്ദർശനം നടത്തുന്നു.
5) ദേവസ്വം ബോർഡ് പ്രസിഡന്റ് എ.പത്മകുമാറും ജില്ലാ കളക്ടർ പി.ബി.നൂഹും പമ്പ യിൽ

വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...
PRD LIVE
PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.

**ഇൻഫർമേഷൻ&പബ്ലിക് റിലേഷൻസ് വകുപ്പ്**

# കേരള സർക്കാർ

**ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്**
**പത്തനംതിട്ട**

| | |
|---|---|
| **സെപ്തംബർ 3**<br>**September 3** | **2018** |

***1193 ചിങ്ങം 18 തിങ്കൾ***

# പത്രക്കുറിപ്പ് -2

www.prd.kerala.gov.in, diopta1@gmail.com ഫോൺ0468-2222657


**നിയോജകമണ്ഡലം അടിസ്ഥാനത്തിൽ റോഡു നിർമാണങ്ങൾ ടെൻഡർ ചെയ്യും – മന്ത്രി ജി. സുധാകരൻ**

സംസ്ഥാനത്ത് നിയോജകമണ്ഡലം അടിസ്ഥാനത്തിൽ മുഴുവൻ റോഡുകളുടെയും പണികൾ ഒരുമിച്ച് ടെൻഡർ ചെയ്യുമെന്ന് പൊതുമരാമത്ത് വകുപ്പ് മന്ത്രി ജി. സുധാകരൻ പറഞ്ഞു. ജർമൻ സാങ്കേതിക വിദ്യ ഉപയോഗിച്ച് പള്ളിക്കലിൽ നിർമിക്കുന്ന റോഡിന്റെ നിർമാണ പുരോഗതി വിലയിരുത്താൻ എത്തിയതായിരുന്നു അദ്ദേഹം. നിർമാണ പ്രവർത്തനങ്ങൾ ഒരുമിച്ച് ടെൻഡർ ചെയ്യുന്നതുമൂലം നിർമാണം ആരംഭിക്കാനുള്ള കാലതാമസം ഒഴിവാകും. അറ്റകുറ്റപണികളും ഇതേരീതിയിൽ ടെൻഡർ ചെയ്യും. പ്രളയത്തിൽ റോഡുകൾക്കും പാലങ്ങൾക്കും നാശമുണ്ടായതിലൂടെ 10000 കോടി രൂപയുടെ നഷ്ടം ഉണ്ടായതായതാണ് പ്രാഥമിക വിലയിരുത്തൽ. ഇടുക്കി ഭാഗത്തെ റോഡുകളുടെ നാശനഷ്ടം കൂടി കണക്കാക്കാനുണ്ട്. പുതിയ സാങ്കേതിക വിദ്യ ഉപയോഗിച്ചാകും റോഡുകൾ പുനർനിർമിക്കുകയെന്ന് അദ്ദേഹം പറഞ്ഞു. പ്രളയം മൂലം തകർന്ന മുഴുവൻ റോഡുകളും നിയോജക മണ്ഡലം അടിസ്ഥാനത്തിൽ ഒരേസമയം ടാറിങ് നടത്തും. പൂർണമായും നല്ല രീതിയിൽ അറ്റകുറ്റപണി നടത്തുകയാണ് ലക്ഷ്യമെന്ന് മന്ത്രി പറഞ്ഞു. 21 കോടി രൂപ മുടക്കി കായംകുളം-പത്തനാപുരം റോഡ് ദേശീയ നിലവാരത്തിൽ ഉടൻ ടാറിങ് നടത്തും. ഇതിനുള്ള നടപടികൾ പൂർത്തിയായതായി അദ്ദേഹം പറഞ്ഞു. ജർമൻ സാങ്കേതിക വിദ്യ അടിസ്ഥാനമാക്കിയുള്ള ആനയടി-പഴകുളം-കൂടൽ പാതയുടെ വെള്ളച്ചിറ സമീപത്തു നിന്നാണ് നിർമാണം ആരംഭിച്ചത്. ഈ ഭാഗത്താണ് മന്ത്രി കഴിഞ്ഞ ദിവസം പരിശോധന

നടത്തിയത്. നിർമാണം നടത്തുന്ന ആന്ധ്രപ്രദേശ് ആസ്ഥാനമായുള്ള വിശ്വാസമുദ്ര കമ്പനി അധികൃതരോട് മന്ത്രി വിവരങ്ങൾ ചോദിച്ചറിഞ്ഞു. 10–12 ദിവസത്തിനകം നിർമാണം പൂർത്തീകരിക്കാൻ കഴിയുമെന്ന് കമ്പനി അധികൃതർ മന്ത്രിയെ ധരിപ്പിച്ചു. ഈ റോഡിന്റെ പൈലറ്റ് അടിസ്ഥാനത്തിലുള്ള അഞ്ചു കിലോമീറ്റർ ദൂരം പണി പൂർത്തിയായി കഴിഞ്ഞാൽ ബാക്കി വരുന്ന 30 കി.മീ. കൂടി ഇതേരീതിയിൽ നിർമാണം നടത്തുന്ന കാര്യം സർക്കാർ തീരുമാനമെടുക്കുമെന്ന് മന്ത്രി പറഞ്ഞു. പൊതുമരാമത്ത് നിരത്ത് വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയർ ആർ. അനിൽകുമാർ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ എസ്. റസീന, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ മുരുകേശ്, എസ്. മനോജ് എന്നിവരും മന്ത്രിയോടൊപ്പം ഉണ്ടായിരുന്നു. (പിഎൻപി 2685/18)

## പനി: 486 പേർ ചികിത്സ തേടി

ജില്ലയിൽ പനി ബാധിച്ച് ഇന്നലെ (മൂന്ന്) 486 പേർ ചികിത്സ തേടിയതായി ജില്ലാ മെഡിക്കൽ ഓഫീസർ അറിയിച്ചു. എലിപ്പനി ലക്ഷണങ്ങളോടെ ചികിത്സ തേടിയ 14 പേരിൽ എട്ട് പേർക്ക് എലിപ്പനി സ്ഥിരീകരിച്ചു. റാന്നി പെരുനാട്, പത്തനംതിട്ട നഗരസഭ, കോന്നി, തണ്ണിത്തോട്, നെടുമ്പ്രം എന്നിവിടങ്ങളിലാണ് എലിപ്പനി സ്ഥിരീകരിച്ചത്. നാറാണംമൂഴി, വല്ലന, വെച്ചൂച്ചിറ, കുറ്റപ്പുഴ, കാഞ്ഞീറ്റുകര, ഇലന്തൂർ എന്നിവിടങ്ങളിലാണ് എലിപ്പനി ലക്ഷണങ്ങളോടെ ആറ് പേർ ചികിത്സ തേടിയത്. ആറ് പേ ർക്ക് ചിക്കൻപോക്സും മൂന്ന് പേർക്ക് ഡങ്കിപ്പനിയും സ്ഥിരീകരിച്ചു. പത്തനംതിട്ട നഗരസഭ, വല്ലന എന്നിവിടങ്ങളിലാണ് ഡങ്കിപ്പനി സ്ഥിരീകരിച്ചത്. വയറിളക്കരോഗങ്ങൾക്ക് 67 പേർ ചികിത്സ തേടി.

(പിഎൻപി 2686/18)

## എലിപ്പനി ചികിത്സാ സൗകര്യം എല്ലാ ആശുപത്രികളിലും – ഡിഎംഒ

പ്രളയബാധിതരിലും രക്ഷാപ്രവർത്തകരിലും എലിപ്പനി രോഗാണു പ്രവേശിക്കാനുള്ള സാഹചര്യം ഉള്ളതിനാൽ പനിബാധ ശ്രദ്ധയിൽപ്പെട്ടാൽ സ്വയംചികിത്സയ്ക്ക് മുതിരാതെ ഡോക്ടറെ സമീപിക്കണമെന്ന് ഡിഎംഒ ഡോ.എ.എൽ.ഷീജ അറിയിച്ചു. രോഗലക്ഷണം കണ്ട് ആദ്യദിവസങ്ങളിൽ ശരിയായ ചികിത്സ എടുത്താൽ പൂർണമായും ഭേദമാകുന്ന രോഗമാണ് എലിപ്പനി. ജില്ലയിലെ എല്ലാ ആശുപത്രികളിലും എലിപ്പനിക്കുള്ള മരുന്നും ചികിത്സയും ലഭ്യമാണ്. പ്രളയജലവുമായി സമ്പർക്കത്തിൽ ഏർപ്പെട്ടവർ പ്രത്യേകം ശ്രദ്ധിക്കണം. പനി, തലവേദന, പേശിവേദന, കണ്ണിന് ചുവപ്പ് ഇവയാണ് എലിപ്പനിയുടെ പ്രധാന ലക്ഷണം. ഇവയോടൊപ്പം വയറിളക്കം, ഛർദി, ശ്വസന സംബന്ധമായ ബുദ്ധിമുട്ട് എന്നിവ ആദ്യദിവസങ്ങളിലുണ്ടാകാം. എലിപ്പനി പ്രതിരോധത്തിനായി ഡോക്സിസൈക്ലിൻ ഗുളികകൾ എല്ലാ ആരോഗ്യ കേന്ദ്രങ്ങളിലും ലഭ്യമാണെന്നും ഡിഎംഒ അറിയിച്ചു. (പിഎൻപി 2687/18)

## പ്രളയ ദുരിതാശ്വാസ പ്രവർത്തനങ്ങളിലെ മികവിന് ജില്ലാ പോലീസിന് സംസ്ഥാന സർക്കാരിന്റെ അംഗീകാരം

പ്രളയദുരിതാശ്വാസ പ്രവർത്തനങ്ങളിൽ പത്തനംതിട്ട ജില്ലയിലെ വിവിധ പോലീസ് യൂണിറ്റുകൾ നടത്തിയ ശ്രദ്ധേയമായ പ്രവർത്തനങ്ങൾക്ക് സംസ്ഥാന സർക്കാരിന്റെ അംഗീകാരം. പ്രളയകാലത്ത് മികച്ച പ്രവർത്തനങ്ങൾ നടത്തിയവരെ ആദരിക്കുന്നതിനായി തിരുവനന്തപുരത്ത് നടന്ന ചടങ്ങിൽ സംസ്ഥാന പോലീസ് മേധാവി ലോക്നാഥ് ബഹ്റയിൽ നിന്ന് ജില്ലാ പോലീസ് മേധാവി ടി.നാരായണൻ പുരസ്കാരം ഏറ്റുവാങ്ങി. പ്രളയത്തിൽ ജില്ലയിലെ ആറന്മുള, കോയിപ്രം, പുളിക്കീഴ് എന്നീ പോലിസ് സ്റ്റേഷനുകൾ മുങ്ങിയിരുന്നു. മിക്ക സ്ഥലങ്ങളിലും എത്തിച്ചേരുവാൻ കഴിയാത്ത സാഹചര്യത്തിലും വയർലെസ് സംവിധാനങ്ങൾ ഉപയോഗിച്ച് രക്ഷാപ്രവർത്തനം ഏകോപിപ്പിക്കുകയും നേരിട്ട് രക്ഷാപ്രവർത്തനങ്ങളിൽ പങ്കെടുക്കുകയും ചെയ്ത് ജില്ലാ പോലീസ് നടത്തിയ ഏകോപിതമായ പ്രവർത്തനങ്ങളെ ഡിജിപി

പ്രത്യേകം അഭിനന്ദിച്ചു. (പിഎന്‍പി 2688/18)

## സൗജന്യ കാലിത്തീറ്റ വിതരണം

പ്രളയദുരിതാശ്വാസത്തിന്റെ ഭാഗമായി ഓമല്ലൂര്‍ ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള വാര്‍ഡുകളിലെ ക്ഷീരകര്‍ഷകര്‍ക്ക് സൗജന്യമായി വൈക്കോല്‍, ധാതുലവണ മിശ്രിതം എന്നിവ നല്‍കുന്നു. അര്‍ഹരായവര്‍ നാളെ (അഞ്ച്) രാവിലെ 11ന് ഓമല്ലൂര്‍ ഗ്രാമപഞ്ചായത്ത് ഹാളില്‍ എത്തണം. (പിഎന്‍പി 2689/18)

## ഫോട്ടോ അടിക്കുറിപ്പ്

1) ജര്‍മന്‍ സാങ്കേതിക വിദ്യ ഉപയോഗിച്ചു നിര്‍മിക്കുന്ന ആനയടി-പഴകുളം-കൂടല്‍ പാത മന്ത്രി ജി. സുധാകരന്‍ പരിശോധിക്കുന്നു
2) പ്രളയദുരിതാശ്വാസ പ്രവര്‍ത്തനങ്ങളിലെ മികവിനുള്ള പുരസ്കാരം സംസ്ഥാന പോലീസ് മേധാവി ലോക്നാഥ് ബഹ്റയില്‍ നിന്നും ജില്ലാ പോലീസ് മേധാവി ടി.നാരായണന്‍ ഏറ്റുവാങ്ങുന്നു.

വാര്‍ത്തകള്‍
ഇനി കാണാം...
കേള്‍ക്കാം...
വായിക്കാം...
PRD LIVE
PRD LIVE
ഒരു മൊബൈല്‍ ആപ്ലിക്കേഷനാണ്.
ആന്‍ഡ്രോയിഡ് വേര്‍ഷനിലുള്ള
എല്ലാ സ്മാര്‍ട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറില്‍ നിന്നും PRD LIVE
ഡൗണ്‍ലോഡ് ചെയ്യാം.

**ഇന്‍ഫര്‍മേഷന്‍&പബ്ലിക് റിലേഷന്‍സ് വകുപ്പ്**